GLOBAL LEARNERS PROGRAMME(GLP) ഗ്ലോബൽ ലേണേഴ്സ് പ്രോഗ്രാം

- GNM, BSC-Nursing എന്നിവ പാസായ എല്ലാവർക്കും അപേക്ഷിക്കാവുന്നതാണ്. പ്രത്യേക പ്രായപരിധിയില്ല.

- നിലവിൽ Nursing council -ൽ രജിസ്ട്രേഷൻ ഉള്ളതും, രജിസ്ട്രേഷനുശേഷം 6 മാസത്തെ പ്രവൃത്തി പരിചയവും ഉള്ള ഉദ്യോഗാർത്ഥികൾക്ക് ഈ പദ്ധതിയിലേക്ക് ചേരാവുന്നതാണ്. 18 മാസം ജോലിയിൽ നിന്നും വിട്ടുനിന്ന ഉദ്യോഗാർത്ഥികൾക്ക് വീണ്ടും 6 മാസത്തെ ക്ലിനിക്കൽ പ്രവൃത്തിപരിചയം ഉണ്ടായിരിക്കേണ്ടതാണ്.

- മേൽ പറഞ്ഞ പ്രവൃത്തി പരിചയം ഉള്ള ഉദ്യോഗാർത്ഥികൾ ODEPC -ൽ രജിസ്റ്റർ ചെയ്യേണ്ടതാണ്. രജിസ്ട്രർ ചെയ്തവർക്ക് CEPT (Cambridge English Placement Test) എന്ന സ്ക്രീനിംഗ് ടെസ്റ്റ് ODEPC നടത്തുന്നതായിരിക്കും. ഇത് ഓൺലൈൻ ടെസ്റ്റ് ആണ്.

- CEPT- ടെസ്റ്റിൽ 6.5 സ്കോർ നേടിയ ഉദ്യോഗാർത്ഥികൾ ഈ പദ്ധതിയിൽ ചേരാൻ യോഗ്യരാകും. ഇങ്ങനെ യോഗ്യരായ ഉദ്യോഗാർത്ഥികൾ അവരുടെ സർട്ടിഫിക്കറ്റിന്റെ വിശദവിവരങ്ങൾ അടങ്ങിയ പകർപ്പ് അപ് ലോഡ് ചെയ്ത് ODEPC-ന് നൽകേണ്ടതുണ്ട്. ഇത്തരത്തിലുള്ള ഉദ്യോഗാർത്ഥികളെ Health Education England- ന്റെ അപേക്ഷകരായി കണക്കാക്കി തുടർനടപടികൾ സ്വീകരിക്കും.

- ഇതിനുശേഷം ഉദ്യോഗാർത്ഥികൾ IELTS പരീക്ഷയ്ക്ക് രജിസ്റ്റർ ചെയ്യേണ്ടതും LEVEL 7 യോഗ്യത നേടേണ്ടതുമാണ്. IELTS പരീക്ഷയ്ക്ക് നിശ്ചിത സ്കോർ നേടുന്നതിന് ഉതകുന്ന രീതിയിൽ പരിശീലനം നൽകുന്നതാണ്. സാധാരണ ഗതിയിൽ മുഴുവൻ സമയം ക്ലാസിലിരിക്കുന്ന ഉദ്യോഗാർത്ഥികൾക്ക് 2-3 മാസം കൊണ്ടും, Part-time മായി പഠിക്കുന്ന ഉദ്യോഗാർത്ഥികൾക്ക് 4-6 മാസം കൊണ്ടും IELTS നിശ്ചിത യോഗ്യത നേടാം.

- IELTS -ന് LEVEL 7 പാസ്സാകുന്ന ഉദ്യോഗാർത്ഥികൾക്ക് 5 ദിവസങ്ങൾക്കുള്ളിൽ യു.കെയിലെ NHS ഹോസ്പിറ്റലുമായി സ്കൈപ്പ് ഇന്റർവ്യൂ നടത്തുന്നതാണ്. സാധാരണഗതിയിൽ IELTS പാസ്സായി ഇന്റർവ്യൂവിന് ഹാജരാകുന്ന ഉദ്യോഗാർത്ഥികൾക്ക് selection ലഭിക്കാറുണ്ട്.

- നിലവിൽ IELTS LEVEL 7 ൽ പാസാകുകയോ OET Level B -ൽ പാസാകുകയോ ചെയ്ത ഉദ്യോഗാർത്ഥികൾക്കും നേരിട്ട് ഇന്റർവ്യൂവിൽ പങ്കെടുക്കാവുന്നതാണ്. ഇതിന് ODEPC -യിൽ രജിസ്റ്റർ ചെയ്യണം.

- NHS ഇന്റർവ്യൂ കഴിഞ്ഞ് selection കിട്ടിയ ഉദ്യോഗാർത്ഥികൾക്ക് Computer Based Test (CBT) പരിശീലനം ODEPC നൽകുന്നതാണ്. CBTപാസാകുന്ന ഉദ്യോഗാർത്ഥികൾക്ക് NMC

Registration- ന് വേണ്ട ഡോക്കുമെന്റേഷൻ ഇതിനുശേഷം തുടങ്ങാവുന്നതാണ്. ODEPC സമയബന്ധിതമായി ഇത് പൂർത്തീകരിക്കുന്നതിനുള്ള സൗകര്യങ്ങൾ ചെയ്തുകൊടുക്കും.

- NMC യുടെ Decision Letter (DL) ലഭ്യമാകുന്ന മുറയ്ക്ക് NHS Hospital Certificate of Sponsorship (COS) ന് അപേക്ഷിക്കുന്നതാണ്. ഇതിന്റെ മറുപടി ലഭിക്കുന്ന മുറയ്ക്ക് വിസയ്ക്കുവേണ്ടി ഉദ്യോഗാർത്ഥിക്ക് അപേക്ഷിക്കാവുന്നതാണ്. ODEPC ഇതിനാവശ്യമായി എല്ലാ support -ഉം നൽകുന്നതാണ്.

- വിസ ലഭ്യമാകുന്ന മുറയ്ക്ക് യാത്രയ്ക്ക് ആവശ്യമായ ടിക്കറ്റ്, എയർപോർട്ടിൽ ട്രാൻസ്ഫർ, 3 മാസത്തെ സൗജന്യ താമസം, മറ്റ് support കൾ എന്നിവ NHS ഒതുക്കുന്നതാണ്.

- U.K യിൽ എത്തുന്ന നഴ്സുമാർ **ഹെൽത്ത്കെയർ അസിസ്റ്റന്റ്** എന്ന നിലയിൽ Band 3- ശമ്പളത്തിൽ ജോലിയ്ക്ക് പ്രവേശിക്കുന്നതാണ്. തുടർന്ന് അവർ OSCE -യ്ക്ക് അപേക്ഷിക്കാവുന്നതാണ്.

- OSCE പാസാകുന്ന കുട്ടികൾക്ക് Band 5 -ന്റെ ശമ്പളവും മറ്റ് ആനുകൂല്യങ്ങളും ലഭിക്കുന്നു. സാധാരണഗതിയിൽ U.K യിൽ എത്തുന്ന മുഴുവൻ നഴ്സുമാരും 8 മാസം കൊണ്ട് തന്നെ OSCE പാസാകാറുണ്ട്. ഇല്ലെങ്കിൽ സ്വന്തം ചിലവിൽ മടങ്ങേണ്ടി വരും.

- ഒ.ഡി.ഇ.പി.സി വഴിയുള്ള നിയമനം സൗജന്യമാണ്.